പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :7696 — 15.07.2014 ൽ മറുപടിക്ക്

"നിർഭയകേരളം" പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ.എ. അസീസ്<br>" കോവൂർ കുഞ്ഞുമോൻ | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) സംസ്ഥാനത്ത് സ്ത്രീകൾ യാത്രാവേളകളിൽ സുരക്ഷിതരല്ലെന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല |
| (ബി) "നിർഭയകേരളം"പദ്ധതിയിൽ യാത്രക്കാരായ സ്ത്രീകൾക്ക് ഒരുക്കിയിരിക്കുന്ന സുരക്ഷയും പരിരക്ഷയും വ്യക്തമാക്കുമോ; | (ബി) സ്ത്രീകൾക്ക് ഭയരഹിതമായും സുരക്ഷിതമായും യാത്ര ചെയ്യുന്നതിന് ആവശ്യമായ എല്ലാസുരക്ഷയും ഏർപ്പെടുത്തുവാനുള്ള നടപടി സ്വീകരിക്കുകയും ഈ പദ്ധതി എല്ലാ ജില്ലയിലും പ്രയോഗത്തിൽ വരുത്തുവാനുള്ള ഏജൻസിയായി റോഡ് ട്രാൻപോർട്ടേഷൻ അതോറിറ്റിയെ (RTA) നിശ്ചയിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) ലൈംഗികകുറ്റകൃത്യങ്ങൾക്കെതിരെ എന്തൊക്കെ പ്രവർത്തനങ്ങളാണ് "നിർഭയകേരളം"പദ്ധതി വിഭാവനംചെയ്യുന്നത്? | (സി) ലൈംഗികാതിക്രമം എന്ന വിപത്തിനെതിരെ സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും വേണ്ടി ബൃഹത്തായ ബോധവൽക്കരണ യജ്ഞം ഈ പദ്ധതിയുടെ ഭാഗമായി നടത്തുന്നതാണ്. ഇതിന്റെ പ്രധാന കാരണങ്ങളായ ലിംഗ വിവേചനം ഗാർഹിക പീഢനം, മദ്യപാനം, ഉപഭോഗാസക്തി മുതലായവയ്ക്കെതിരെ സാമൂഹികാവബോധം സൃഷ്ടിക്കുകയും കുറ്റകൃത്യങ്ങൾ തടയുവാനുള്ള പ്രതിരോധപ്രവർത്തനങ്ങൾ നടത്തുന്നതുമാണ്. |

സെക്ഷൻഓഫീസർ